**സാമ്യവാക്യം**

**യഹോവയായ കർത്താവേ നീ എന്റെ പ്രത്യാശയാകുന്നു.**

**സങ്കീ. 71; 5**

ജനുവരി 23 വ്യാഴം

5

വായനാഭാഗം

**ഉല്പത്തി. 26: 1–25**

## ഭാഗ്യകരമായ പ്രത്യാശ

**...... യഹോവ അവനെ അനുഗ്രഹിച്ചു. ഉല്പ. 26:12**

ക്രിസ്തീയജീവിതത്തെ ഉറപ്പിച്ചു നിർത്തുന്ന ശക്തിയാണ് പ്രത്യാശ. സംഖ്യയില്ലാത്ത അനർത്ഥങ്ങൾ നമ്മെ ബലഹീനരാക്കുമ്പോൾ ദൈവത്തിലുള്ള വിശ്വാസം, അവന്റെ വചനത്തിലുള്ള പ്രത്യാശ, ക്രിസ്തുവിനോടുള്ള സ്നേഹം, ഇവ നമ്മെ വിശ്വാസത്തിൽ ഉറപ്പിച്ച് നിർത്തുന്ന ഘടകങ്ങളാണ്. നിറവേറും എന്ന് പ്രതീക്ഷിക്കുന്ന ഒരു ആഗ്രഹത്തെ താലോലിക്കുന്നതാണ് പ്രത്യാശ. അതായത് ഒന്ന് ആഗ്രഹിക്കുകയും അതിനുള്ള ഉറപ്പ് ലഭിക്കുകയും ചെയ്ത ശേഷമുള്ള കാത്തിരിപ്പാണ് പ്രത്യാശ.

പ്രത്യാശയുടെ അടിസ്ഥാനം ദൈവവും അവന്റെ വചനവുമാണ്. തന്റെ മക്കളുടെ ഭാവിയെക്കുറിച്ച് പ്രത്യാശയുള്ളവനായ ദൈവം യിസ്ഹാക്കിനോട് "ഞാൻ കല്പിക്കുന്ന ദേശത്ത് നീ താമസിക്ക, ഞാൻ നിന്നോടു കൂടെ ഇരുന്ന് നിന്നെ അനുഗ്രഹിക്കും" എന്ന് അരുളിച്ചെയ്തു. ഈ ദൈവവചനം പ്രതീക്ഷയോടെ ഏറ്റെടുത്തത് യിസ്ഹാക്കിന് അനുഗ്രഹമായിത്തീർന്നു.

ഭാവിയിലേക്ക് തുറക്കുന്ന വാതിലാണ് പ്രത്യാശ. ദൈവകരങ്ങളിലാണ് ആ വാതിൽ. അത് ഏതു സമയത്തും തുറക്കപ്പെടുമെന്നതിനാൽ ദൈവപൈതൽ അതിനായി നോക്കിപ്പാർക്കണം. യിസ്ഹാക്കിന്റെ ഭാവി അനുഗ്രഹപൂർണ്ണമാക്കുവാൻ ദൈവം വാതിൽ തുറക്കും വരെ അവൻ പ്രത്യാശയോടെ കാത്തിരുന്നു. വിശ്വാസത്തിന് പരിശോധന ഉള്ളതുപോലെ പ്രത്യാശയ്ക്കും പരിശോധനയുണ്ട്. തന്നെ അനുഗ്രഹിക്കുമെന്ന് ദൈവം പറഞ്ഞത് ക്ഷാമകാലത്തായിരുന്നു. യഹോവയിൽ പ്രത്യാശ വച്ച യിസ്ഹാക്ക് ആ വരൾച്ചയിലും പ്രത്യാശയോട് ദേശത്ത് വിതച്ചു. " ആയാണ്ടിൽ നുറുമേനി വിളവുകിട്ടി. യഹോവ അവനെ അനുഗ്രഹിച്ചു. അവൻ വർദ്ധിച്ചു വർദ്ധിച്ചു മഹാധനവാനായിത്തീർന്നു." ദൈവത്തിൽ പരിപൂർണ്ണമായി ആശ്രയിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവർക്കു മാത്രമേ പ്രത്യാശയുടെ പരിശോധനയിങ്കൽ ജയം നേടുവാൻ കഴിയുകയുള്ളു.

നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന പ്രത്യാശ നാം മുറുകെ പിടിക്കണം. കാരണം ആ പ്രത്യാശ നമുക്ക് ആത്മാവിന്റെ നങ്കൂരമാണ്. അത് നിശ്ചയവും സ്ഥിരവും, തിരശ്ശീലയ്ക്ക് അകത്തേക്ക് കടക്കുന്നതുമാകുന്നു. കൊടുങ്കാറ്റിൽ ആടിയുലയുന്ന കപ്പലിനെ പിടിച്ചുനിർത്തുന്നത് നങ്കൂരമാണ്. അസൂയമൂത്ത ഫെലിസ്ത്യർ ഉപദ്രവങ്ങളുടെ കൊടുങ്കാറ്റ് അഴിച്ചുവിട്ടു. അവൻ കുഴിച്ച കിണറുകൾ മൂടി. അവനെ തകർക്കുവാൻ നോക്കി. എന്നാൽ ദൈവത്തിൽ വിശ്വാസം ഉറപ്പിച്ചവൻ പ്രത്യാശയോടെ പ്രശ്നത്തെ അതിജീവിച്ചു. 'ഞാൻ നിന്നെ അനുഗ്രഹിക്കും' എന്ന വചനം പ്രിയരെ നമുക്കും പ്രത്യാശ നൽകുന്നതാകട്ടെ.

**പ്രത്യാശയുള്ളവൻ നിർഭയനായിരിക്കും.**